ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ബിഹാർ, മദ്ധ്യപ്രദേശ്, ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം.

   President Draupadi Murmu's visit to Bihar, Madhya Pradesh, Gujarat to begin today.

2. അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന നിക്ഷേപ അടിസ്ഥാന സൗകര്യ വികസന ഉച്ചകോടിയുടെ പ്ലീനറി സെഷൻ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi will inaugurate the plenary session of the Investment Infrastructure Development Summit in Guwahati, Assam today.

3. പ്രതിരോധ മേഖലയിൽ നിർമിത ബുദ്ധിയുടെ ഉപയോഗം സംബന്ധിച്ച് പുതിയ ഗവേഷണം ആവശ്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   Defence Minister Rajnath Singh has called for new research in the defense sector using artificial intelligence technology.

4. മനുഷ്യ അവകാശങ്ങളുടെ സംരക്ഷണത്തിനായി എല്ലായ്പ്പോഴും ഇന്ത്യ സുപ്രധാന പങ്ക് വഹിക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   External Affairs Minister S Jaishankar said that India has always played an active role in the global promotion and protection of human rights.

5. കേരളത്തിൽ ഇന്നലെ വോട്ടെടുപ്പ് നടന്ന 28 തദ്ദേശ വാർഡുകളിലെ വോട്ടെണ്ണൽ ഇന്ന്.

   Counting of votes in 28 local wards in Kerala will be held today. Polling was held yesterday.

**6. ഐസിസി പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യയും ന്യൂസിലൻഡും സെമിയിൽ.**

**In the ICC Men's Champions Trophy Cricket, India and New Zealand qualify for the Semi-Finals.**

==========================================

## MORN. PREZ-THREE STATE VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അഞ്ച് ദിവസത്തെ ബിഹാർ, മധ്യപ്രദേശ്, ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന് ബിഹാറിലെ പട്ന മെഡിക്കൽ കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ രാഷ്ട്രപതി പങ്കെടുക്കും. രണ്ടാം ദിവസം, മധ്യപ്രദേശ് സന്ദർശിക്കുന്ന രാഷ്ട്രപതി, അന്ന് തന്നെ ഗുജറാത്തിലെ കെവാഡിയയിലെ ഏകതാ പ്രതിമ സന്ദർശിക്കുകയും, നർമ്മദാ ആരതിക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യും. 3 ദിവസം ഗുജറാത്തിലെ വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

==========================================

## PRESIDENT-WOMEN PEACEKEEPERS

ഗ്ലോബൽ സൗത്ത് വനിത സമാധന പാലകരുടെ സമ്മേളനത്തിൽ പങ്കെടുക്കുന്ന സംഘം രാഷ്ട്രപതി ദ്രൗപദി മുർമുവുമായി ഇന്നലെ രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. സമാധാന പാലന ദൗത്യങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം കൂടുതൽ സമഗ്രമാക്കുന്നതായി രാഷ്ട്രപതി പറഞ്ഞു. 50-ലധികം യു എൻ സമാധാന പാലന ദൗത്യങ്ങളിൽ ഇതുവരെ **2 ലക്ഷത്തി 90,000**-ത്തിലധികം ഇന്ത്യക്കാർ പങ്കെടുത്തത് രാജ്യത്തിന് അഭിമാനകരമാണെന്നും ശ്രീമതി മുർമു അറിയിച്ചു.

==========================================

## PM ASSAM VISIT

അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന **അഡ്വാന്റേജ് അസം 2.0** നിക്ഷേപ അടിസ്ഥാന സൗകര്യ വികസന ഉച്ചകോടിയുടെ പ്ലീനറി സെഷൻ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ വ്യാവസായിക പരിണാമം, ആഗോള വ്യാപാര പങ്കാളിത്തം, അസമിലെ MSME മേഖല എന്നിവയുമായി ബന്ധപ്പെട്ട 240-ലധികം പ്രദർശകർ പങ്കെടുക്കും. സമ്മേളനത്തിൽ അസം ഗവർണർ, എൽപി ആചാര്യ, അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ, കേന്ദ്ര മന്ത്രിമാരായ എസ് ജയ്ശങ്കർ, സർബാനന്ദ സോനോവാൾ, ജ്യോതിരാദിത്യ സിന്ധ്യ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

==================================================

## PM GUWAHATI – (INTRO)

കേന്ദ്ര സർക്കാരിന്റെ തുടർച്ചയായ പരിശ്രമങ്ങളിലൂടെ വടക്ക് - കിഴക്കൻ സംസ്ഥാനങ്ങൾ വികസനത്തിന്റെ പുതിയ ഉയരങ്ങൾ കീഴടക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അസമിലെ **Jhumoir Binandini** സാംസ്കാരിക പരിപാടി വീക്ഷിക്കുകയായിരുന്നു അദ്ദേഹം. അസം ഉൾപ്പെടെയുള്ള വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളെ വികസനത്തിൽ നിന്ന് മാറ്റി നിർത്തിയ ഒരു കാലമുണ്ടായിരുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

**(BYTE............)**

==================================================

## INCOME TAX BILL - LS

ആദായനികുതി ബിൽ 2025 പരിശോധിക്കുന്നതിനുള്ള ലോക് സഭയുടെ സെലക്ട് കമ്മിറ്റി ഇന്നലെ ന്യൂഡൽഹിയിൽ യോഗം ചേർന്നു. ബി ജെ പി എം പി, ബൈജയന്ത് പാണ്ഡെ അധ്യക്ഷനായ 31 അംഗ സമിതിയാണ് ബിൽ പരിശോധിക്കുന്നത്. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന്റെ ആദ്യ ദിവസം സമിതി റിപ്പോർട്ട് സമർപ്പിക്കും.

==================================================

## IIT MANDI-RAJNATH SINGH–(INTRO)

പ്രതിരോധ മേഖലയിൽ നിർമിത ബുദ്ധിയുടെ ഉപയോഗം സംബന്ധിച്ച് പുതിയ ഗവേഷണം ആവശ്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ഹിമാചൽ പ്രദേശിലെ മാണ്ഡി ഐഐടിയുടെ 16-ാമത് സ്ഥാപക ദിന ആഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(HOLD FOR BYTE............)**

പ്രതിരോധ മേഖലയെ ശാക്തീകരിക്കുന്നതിന് എഐയുടെ വ്യാപനം ആവശ്യമാണ്. നിർമ്മിത ബുദ്ധിയുടെ തദ്ദേശീയമായി വികസിപ്പിച്ച മാതൃകകളാണ് ആവശ്യം. പ്രതിരോധ ഉത്പാദന രംഗത്ത് ഇന്ത്യ സ്വയം പര്യാപ്തതയിലേക്ക് നീങ്ങുകയാണെന്നും ശ്രീ രാജ്നാഥ് സിങ് പറഞ്ഞു.

==============================================

## EAM- UNHRC

മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനായി എല്ലായ്പ്പോഴും ഇന്ത്യ സുപ്രധാന പങ്ക് വഹിക്കുന്നതായി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ജനീവയിൽ നടക്കുന്ന ഐക്യരാഷ്ട്ര സഭയുടെ 58-ാമത് സമ്മേളനത്തെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദത്തെ ചെറുക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത സമീപമാണ് ഇന്ത്യക്കുള്ളതെന്ന് ശ്രീ ജയ്ശങ്കർ വ്യക്തമാക്കി. സമകാലിക ആഗോള യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ബഹുമുഖ സംവിധാനം ആവശ്യമാണ്. ദശലക്ഷക്കണക്കിന് ജനങ്ങളെ ദാരിദ്ര്യമുക്തമാക്കുന്നതിനുള്ള സാമ്പത്തിക വളർച്ചയിൽ ഇന്ത്യ ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിട്ടുണ്ടെന്നും ശ്രീ ജയശങ്കർ പറഞ്ഞു.

==============================================

## S JAISHANKAR - UN PEACEKEEPING

ആഗോള സമാധാനത്തിനുള്ള ശ്രമങ്ങൾക്ക് പിന്തുണ നൽകുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ന്യൂഡൽഹിയിൽ നടക്കുന്ന വനിത സമാധാന പാലകരുടെ ആദ്യ സമ്മേളനത്തിൽ നൽകിയ വീഡിയോ സന്ദേശത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്ര സഭയുടെ സമാധാന പരിപാലന ദൗത്യങ്ങൾക്ക് ഏറ്റവും വലിയ സംഭാവന നൽകുന്ന രാജ്യമാണ് ഇന്ത്യയെന്നും വിദേശകാര്യ മന്ത്രി വ്യക്തമാക്കി.

==================================================

## EVE. DELHI ASSEMBLY SESSION

ഡൽഹി നിയമസഭാ സമ്മേളനത്തിന് തുടക്കമായി. മുഖ്യമന്ത്രി രേഖ ഗുപ്തയും ആറ് മന്ത്രിമാരും നിയമസഭാ സാമാജികരായി ഇന്നലെ സത്യപ്രതിജ്ഞ ചെയ്തു. വിജേന്ദർ ഗുപ്ത സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വികെ സക്സേന ഇന്ന് സഭയെ അഭിസംബോധന ചെയ്യും.

മുൻ സർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച CAG റിപ്പോർട്ടുകൾ ഇന്ന് സഭയിൽ വയ്ക്കുമെന്നാണ് സൂചന.

==================================================

## MORN. SHIVRAJ - SARAS

കരകൗശല വിദഗ്ധരുടെയും തൊഴിലാളികളുടെയും സമഗ്രമായ വളർച്ചയും വികാസവും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഉത്തർപ്രദേശിലെ നോയിഡ ഹാത്തിൽ സംഘടിപ്പിച്ചിരിക്കുന്ന സരസ് ആജീവിക മേള, കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ദേശീയ ഗ്രാമ വികസന - പഞ്ചായത്തീരാജ് ഇൻസ്റ്റിറ്റിയൂട്ടിന്റെ പിന്തുണയോടെ ഗ്രാമവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന മേളയുടെ അഞ്ചാമത്തെ പതിപ്പാണിത്.

ഈ വർഷത്തെ പ്രമേയം പാരമ്പര്യം, കല, സംസ്കാരം എന്നിവയാണ്.

==========================================

## RBI - NEW INDIA CO-OPERATIVE

മുംബൈയിലെ ന്യൂ ഇന്ത്യ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന് മേൽ ആർ ബി ഐ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് നേരിയ ഇളവ്. ഒരു നിക്ഷേപകന് 25,000 രൂപ വരെ നിക്ഷേപം പിൻവലിക്കാൻ അനുവദിച്ചു. റിസർവ് ബാങ്ക് ന്യൂ ഇന്ത്യ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും ബാങ്കിലെ നിക്ഷേപകരുടെ താൽപ്പര്യത്തിന് ആവശ്യമായ നടപടികൾ തുടരുമെന്നും പ്രസ്താവനയിൽ പറഞ്ഞു.

==========================================

## KERALA CM- REVENUE

ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സർക്കാരും ജനങ്ങളും തമ്മിലെ ഇഴയടുപ്പം വർധിപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
റവന്യൂ ദിനാചരണവും റവന്യൂ അവാർഡ് വിതരണവും തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

==========================================

## BYELECTION COUNTING

കേരളത്തിലെ 28 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന്. രാവിലെ 10 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ വോട്ടെണ്ണൽ നടക്കും. ഇന്നലെ നടന്ന വോട്ടെടുപ്പിൽ 65.83 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ആകെ **38,919** പേരാണ് വോട്ട് ചെയ്തത്.

==========================================

## ASHWINI VAISHNAW -(INTRO)

2025-26 സാമ്പത്തിക വർഷത്തിൽ 100 ശതമാനം വൈദ്യുതീകരണം പൂർത്തിയാക്കി നെറ്റ് സീറോ കാർബൺ ബഹിർഗമനം എന്ന ലക്ഷ്യം കൈവരിക്കാൻ ഇന്ത്യൻ റെയിൽവെ സാധിക്കുമെന്ന് മന്ത്രി അശ്വിനി വൈഷ്ണവ്. ഭോപ്പാലിൽ നടക്കുന്ന ആഗോള നിക്ഷേപക ഉച്ചകോടിയെ വീഡിയോ കോൺഫറൻസിങ്ങിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പുനരുപയോഗ ഊർജ്ജം പരമാവധി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യവുമായി 170 മെഗാ വാട്ടിന്റെ പദ്ധതിക്ക് മധ്യപ്രദേശ് സർക്കാരുമായി കാറിൽ ഒപ്പുവച്ചതായും അശ്വിനി വൈഷ്ണവ് അറിയിച്ചു.

(HOLD FOR BYTE.....)

==============================================

## CRICKET- ICC CHAMPIONS TROPHY

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്നലെ നടന്ന കളിയിൽ ബംഗ്ലാദേശിനെതിരെ ന്യൂസിലൻഡിന് അഞ്ച് വിക്കറ്റ് ജയം. റാവൽപിണ്ടിയിൽ നടന്ന ഗ്രൂപ്പ് എ മത്സരത്തിലെ ജയത്തോടെ ഇന്ത്യയ്ക്കൊപ്പം കിവീസും സെമിയിൽ സ്ഥാനം ഉറപ്പാക്കി. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് ഉയർത്തിയ 237 റൺസിന്റെ വിജയലക്ഷ്യം 46.1 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ന്യൂസീലൻഡ് മറികടന്നു. ഇന്ന് റാവൽപിണ്ടിയിൽ നടക്കുന്ന ഗ്രൂപ്പ് ബി മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഓസ്ട്രേലിയയെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം.

==============================================

## TRIVANDRUM - MURDER

തിരുവനന്തപുരം വെഞ്ഞാറമൂട്ടിൽ 23-കാരൻ പെൺസുഹൃത്തിനെയും സ്വന്തം സഹോദരനെയും അടക്കം അഞ്ച് പേരെയും കൊലപ്പെടുത്തി. ആക്രമണത്തിനിരയായ പ്രതിയുടെ അമ്മ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. സംഭവത്തിന് പിന്നാലെ പ്രതിയായ അഫാൻ വെഞ്ഞാറമൂട്

പൊലീസ് സ്റ്റേഷനിൽ കീഴടങ്ങി. ഇയാളെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

==============================================

## MAHA KUMBH - MAHASHIVRATRI

പ്രയാഗ് രാജിലെ മഹാകുംഭ മേളയ്ക്ക് മഹാശിവരാത്രി ദിവസമായ നാളെ സമാപനം. തീർത്ഥാടകർക്ക് ശിവരാത്രിയിലെ ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. തീർത്ഥാടകരുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകിയിരിക്കുന്നതെന്ന് പ്രയാഗ് രാജ് ജില്ലാ ഭരണകൂടം അറിയിച്ചു. ക്ഷേത്ര പരിസരത്തും പുണ്യ സ്നാനം നടത്തുന്ന സ്ഥലങ്ങളിലും ശുചിത്വം ഉറപ്പാക്കാനുള്ള നടപടികൾ തുടർച്ചയായി നിരീക്ഷിക്കുകയാണെന്നും അധികൃതർ പറഞ്ഞു. കേരളത്തിലെ ശിവക്ഷേത്രങ്ങളിലും ശിവരാത്രിയോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ശിവരാത്രിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. നാളെ തൃപ്പൂണിത്തുറയിൽ നിന്നുള്ള സർവീസ് രാത്രി 11.30 വരെയുണ്ടാകും. വ്യാഴാഴ്ച ആലുവയിൽ നിന്നുള്ള സർവീസ് വെളുപ്പിന് 4.30- ന് ആരംഭിക്കും.

തുടർന്ന് രാവിലെ ആറ് മണിവരെ അരമണിക്കൂർ ഇടവിട്ടും പിന്നീട് സാധാരണ നിലയ്ക്കും ആലുവയിൽ നിന്ന് സർവ്വീസ് ഉണ്ടായിരിക്കും.

==============

==============================

==============================================